കഞ്ചിക്കോടുള്ള പെപ്സി യൂണിറ്റ്

74 (830) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി ഗാവേത്ത് സരളാദേവി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോടുള്ള പെപ്സി യൂണിറ്റിന് എത്ര കാലത്തേക്കുള്ള ലൈസൻസ് ആണ് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് നൽകിയത് ; പ്രസ്തുത കാലാവധി അവസാനിച്ചുവോ ;

(ബി) പെപ്സിക്കു കൊടുത്ത ലൈസൻസ് റദ്ദാക്കാൻ പ്രസ്തുത ഗ്രാമപഞ്ചായത്ത് തീരുമാനിച്ചുവോ ; എങ്കിൽ കാരണം വിശദമാക്കാമോ ;

(സി) പെപ്സി യൂണിറ്റ് ഒരു നിശ്ചിത അളവ് വെള്ളം മാത്രമേ എടുക്കാവൂ എന്ന് ലൈസൻസിൽ പറഞ്ഞിരുന്നുവോ ;

(ഡി) പെപ്സി യൂണിറ്റ് കൂടുതൽ വെള്ളമെടുക്കുന്നുണ്ടെന്ന് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് മനസ്സിലാക്കിയത് എന്തെല്ലാം വിധത്തിലുള്ള പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ;

(ഇ) പെപ്സി യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നപക്ഷം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെടും എന്നറിയിക്കുമോ ?

ഉത്തരം

(എ) അഞ്ചു വർഷത്തേക്ക്. കാലാവധി കഴിഞ്ഞിട്ടില്ല.

(ബി) തീരുമാനിച്ചു. പെപ്സി കമ്പനിയ്ക്കെതിരെ 6 ബോർവെല്ലുകൾ കുഴിച്ചുവെള്ളം എടുത്തിരുന്നു എന്നും തന്മൂലം പഞ്ചായത്തിലെ കിണറുകളിലും പുഴയിലും ജലദൗർലഭ്യം ഉണ്ടായി അവ വറ്റിവരണ്ടുകിടക്കുന്നു എന്നും രൂക്ഷമായ കുടിവെള്ളപ്രശ്നം നിലനിൽക്കുന്നു എന്നും പറഞ്ഞാണ് കമ്പനിയുടെ ലൈസൻസ് ഗ്രാമപഞ്ചായത്ത് റദ്ദുചെയ്തത്.

(സി) ലൈസൻസിൽ നിഷ്കർഷിച്ചിരുന്നില്ല.

(ഡി) പഠനം നടത്തിയിട്ടില്ല.

(ഇ) നേരിട്ട് 109 പേർക്ക്. പരോക്ഷമായി എത്രപേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടില്ല.

കുറ്റിക്കോൽ പഞ്ചായത്തിന്റെ ആസ്ഥാനം മാറ്റുന്ന നടപടി

75 (831) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്തിന്റെ ആസ്ഥാനം മാറ്റുന്നതിലേയ്ക്കായി പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly